# മെട്രോ വാർത്ത

## രണ്ടാമത് കേരള രാജ്യാന്തര ഊർജ മേളയ്ക്ക് ഇന്ന് തുടക്കം

### മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: കേരള സർക്കാർ ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിന് ഇന്ന് തുടക്കമാകും. തൈക്കാട് പൊലീസ് മൈതാനിയിൽ ഉച്ചക്ക് 2ന് വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി മേളയുടെ ഉദ്ഘാടനം നിർവഹിക്കും.

സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകളുടെ വിതരണവും മന്ത്രി നിർവഹിക്കും. ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിക്കും. ഊർജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ മുഖ്യപ്രഭാഷണവും പുസ്തക പ്രകാശനവും നടത്തും. കെഎസ്ഇബിഎൽ മാനേജിങ് ഡയറക്ടറും ചെയർമാനുമായ ബിജു പ്രഭാകർ, നവകേരളം കർമ പദ്ധതി കോർഡിനേറ്റർ ടി.എൻ. സീമ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഡയറക്ടർ പ്രവതനളിനി സമൽ, അനെർട്ട് സിഇഒ നരേന്ദ്രനാഥ് വേലുരി, സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി.വിനോദ്, തിരുവനന്തപുരം കോർപറേഷൻ കൗൺസിലർ ജി.മാധവദാസ്, എനർജി മാനേജ്മന്റ് സെന്റർ ഡയറക്ടർ ഡോ.ആർ. ഹരികുമാർ, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ സുഭാഷ് ബാബു ബി.വി എന്നിവർ പങ്കെടുക്കും.

കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മേള സംഘടിപ്പിക്കുന്നത്. മേളയോടനുബന്ധിച്ച്, സാങ്കേതിക സെഷനുകൾ, പാനൽ ചർച്ചകൾ, വിവിധ തരം പരിശീലന സെഷനുകൾ, കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ് മത്സരങ്ങൾ, പൊതു പ്രദർശനം, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി മെഗാക്വിസ് തുടങ്ങിയവ നടക്കും.

ഏഷ്യ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷൻ പ്രോജക്ട് വെബ്സൈറ്റ് ലോഞ്ച്, പാനൽ ചർച്ച, ഇന്ത്യാ സ്മാർട്ട് ഗ്രിഡ് ഫോറം, കേരള സംസ്ഥാന ഊർജ സംരക്ഷണ അവാർഡ് ജേതാക്കളുടെ അവതരണം എന്നിവ ആദ്യ ദിനത്തിൽ നടക്കും. വിവിധ സാംസ്കാരിക പരിപാടികളും മേളയുടെ ഭാഗമായി അരങ്ങേറും. മേള ഫെബ്രുവരി 9ന് സമാപിക്കും.